കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശബരിമല തീർത്ഥാടനം - ചികിത്സാർത്ഥം ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനിടെ സംഭവിക്കുന്ന മരണം - രജിസ്ട്രാർക്ക് അറിയിപ്പ് നൽകുന്നതിനു മരണം സ്ഥിരീകരിക്കുന്ന ഡോക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

ജി.ഒ.(സാധാ) നം. 615/09/തസ്വഭവ. തിരുവനന്തപുരം, തീയതി 11/03/2009

---

പരാമർശം:- 1. ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ 26/8/2008-ലെ 32665/ജി1/08/ആ.കു.വ നമ്പർ അനൗദ്യോഗിക ഫയൽ
2. പഞ്ചായത്തു ഡയറക്ടറുടെ 23/06/2008-ലെ ബി1-29659/08 നമ്പർ കത്ത്.

## ഉത്തരവ്

ശബരിമല തീർത്ഥാടത്തിനിടെ ചികിത്സാർത്ഥം ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ സംഭവിക്കുന്ന മരണം റിപ്പോർട്ടു ചെയ്യുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഇപ്രകാരം വാഹനത്തിൽ വച്ചു സംഭവിക്കുന്ന മരണം റിപ്പോർട്ടു ചെയ്യുന്നതിന് ആശുപത്രിയിൽ മരണം സ്ഥിരീകരിക്കുന്ന ഡോക്ടറെ ചുമതലപ്പെടുത്തണമെന്ന പരാമർശം 1-ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിർദ്ദേശത്തിന്മേൽ പരാമർശം 2 പ്രകാരം ജനന മരണ ചീഫ് രജിസ്ട്രാർ കൂടിയായ പഞ്ചായത്ത് ഡയറക്ടർ വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 10 (1) പ്രകാരം ഇത്തരം മരണങ്ങളെ സംബന്ധിച്ചു ജനന മരണ രജിസ്ട്രാർക്ക് അറിയിപ്പ് നൽകുന്നതിന് മരണം സ്ഥിരീകരിക്കുന്ന ഡോക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അറിയിപ്പ് ലഭിച്ച മരണം യഥാവിധി റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്നും ജനന മരണ രജിസ്ട്രാർ ഉറപ്പു വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വി.സി.ഓമന
ഡെപ്യൂട്ടി സെക്രട്ടറി

ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും പഞ്ചായത്ത് ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് (പരാമർശം 1 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എസ്സ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ